<table>
<tr><td colspan="2"><u>ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി</u></td></tr>
<tr><td>ഹാജർ:</td><td>അമിത സുരേഷ്<br>ന്യായാധികാരി</td></tr>
<tr><td colspan="2">2026 മെയ് മാസം 02ാം തിയ്യതി/1948 വൈശാഖ മാസം 1ാം തിയ്യതി</td></tr>
<tr><td colspan="2">സി. സി 67/ 2022</td></tr>
<tr><td>പരാതിക്കാരൻ/ വാദി</td><td>സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്<br>ചൊക്ലി പോലീസ് സ്റ്റേഷൻ<br>ക്രൈം നമ്പർ 205/2022<br><br>(കേരള സർക്കാറിനു വേണ്ടി)<br>( ശ്രീമതി ഷീജ വി, എ പി പി സീനിയർ ഗ്രേഡ്)</td></tr>
<tr><td>പ്രതികൾ/കുറ്റാരോപിതർ</td><td>1. ഷാജി പി എം, വയസ്സ്. 48/2022,<br>S/o നാണു, പുത്തൻ മഠത്തിൽ ഹൗസ്,<br>ചൊക്ലി.<br><br>2. സ്മിൻതേഷ് വി കെ, വയസ്സ്. 30/2022,<br>S/o അനന്തൻ, പാഞ്ചജന്യം ഹൗസ്,<br>അണിയാരം പി ഒ, അണിയാരം.<br><br>3. രാജീവൻ ചന്ദനപ്പുറത്ത്, വയസ്സ്. 56/2022,<br>S/o അനന്തൻ, ചന്ദനപ്പുറത്ത് ഹൗസ്,<br>അണിയാരം പി ഒ, അണിയാരം.<br><br>4. സുമേഷ് എം പി, വയസ്സ്. 50/2022,<br>S/o ഹരിദാസ്, ലക്ഷ്മി നിവാസ്,<br>കാവുംഭാഗം, തലശ്ശേരി.<br><br>5. പി വി വിജയരാഘവൻ (died), വയസ്സ്. 63/2022,<br>S/o കുഞ്ഞികൃഷ്ണൻ, അഭയം ഹൗസ്,<br>ഇല്ലത്തുതാഴെ, മണോളിക്കാവ്, ടെംപിൾ.<br><br>6. സന്തോഷ് കുമാർ ഒ, വയസ്സ്. 42/2022,<br>S/o ഗംഗാധരൻ, ഓടക്കത്ത് ഹൗസ്,<br>അരയാക്കൂൽ, ചമ്പാട്, പാനൂർ.<br><br>7. അനിൽ കുമാർ ടി, വയസ്സ്. 38/2022,<br>S/o കുഞ്ഞപ്പ നമ്പ്യാർ, രയരോത്ത് ഹൗസ്,<br>മേനപ്രം.<br><br>8. അനീഷ് കെ എം, വയസ്സ്. 41/2022,<br>S/o ബാലൻ, പറമ്പത്ത് മീത്തൽ ഹൗസ്,<br>ഒളവിലം പി ഒ.<br><br>9. വിജയൻ കെ കെ, വയസ്സ്. 56/2022,<br>S/o ഗോവിന്ദൻ,<br>പുത്തിയ വീട്ടിൽ താഴെ കുനിയിൽ ഹൗസ്,<br>മേനപ്രം പി ഒ, ചൊക്ലി.<br><br>10. പ്രകാശൻ കെ പി, വയസ്സ്. 43/2022,</td></tr>
</table>

| | |
|---|---|
| | S/o നാരായണൻ, കക്കുഴി പറമ്പത്ത് ഹൌസ്, ഗുരുജിമുക്ക്, പെരിങ്ങത്തൂർ.<br><br>**11.** ബിജു കെ പി, വയസ്സ്. 42/2022, S/o ബാലൻ, കുഞ്ഞി പറമ്പത്ത് ഹൗസ്, പി ഒ ഒളവിലം.<br><br>(പ്രതികൾ ഭാഗം അഭിഭാഷകൻ ശ്രീ ജയപ്രകാശൻ) |
| കുറ്റകൃത്യം/വകുപ്പുകൾ | ഇന്ത്യൻ ശിക്ഷാ നിയമം 143,147, 283 r/w 149 വകുപ്പുകൾ |
| പ്രതികളുടെ വാദം | കുറ്റക്കാരല്ല |
| കണ്ടെത്തൽ | കുറ്റക്കാരല്ല |
| വിധി | പ്രതികളെ ഇന്ത്യൻ ശിക്ഷാനിയമം 143, 147, 283 r/w 149 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങളിൽ നിന്ന് കുറ്റ വിമുക്തരാക്കി ക്രിമിനൽ നടപടിക്രമം 255(1) പ്രകാരം കുറ്റവിമുക്തരാക്കി വെറുതെ വിട്ടു കൊണ്ട് ഉത്തരവാകുന്നു. |

## <u>പ്രതികളെക്കുറിച്ചുള്ള വിവരണം</u>

| ക്രമ നമ്പർ<br>1 | പോലീസ് സ്റ്റേഷന്റെ പേര് & ക്രൈം നമ്പർ<br>2 | പേര്<br>3 | അച്ഛന്റെ പേര്<br>4 | മേൽ വിലാസം<br>5 | തൊഴിൽ<br>6 | വയസ്സ്<br>7 |
|---|---|---|---|---|---|---|
| 1 | ചൊക്ലി, ക്രൈം നമ്പർ 205/2022 | ഷാജി പി എം | നാണു | പുത്തൻ മഠത്തിൽ ഹൗസ്, ചൊക്ലി. | ................. | 48/2022 |
| 2 | ചൊക്ലി, ക്രൈം നമ്പർ 205/2022 | സ്മിൻതേഷ് വി കെ | അനന്തൻ | പാഞ്ചജന്യം ഹൗസ്, അണിയാരം പി ഒ, അണിയാരം. | ................. | 30/2022 |
| 3 | ചൊക്ലി, ക്രൈം നമ്പർ 205/2022 | രാജീവൻ ചന്ദനപ്പുറത്ത് | അനന്തൻ | ചന്ദനപ്പുറത്ത് ഹൗസ്, അണിയാരം പി ഒ, അണിയാരം. | ................. | 56/2022 |
| 4 | ചൊക്ലി, ക്രൈം നമ്പർ 205/2022 | സുമേഷ് എം പി | ഹരിദാസ് | ലക്ഷ്മി നിവാസ്, കാവുംഭാഗം, തലശ്ശേരി. | .................. | 50/2022 |
| 5 | ചൊക്ലി, ക്രൈം നമ്പർ 205/2022 | പി വി വിജയരാഘവൻ | ഭാസ്ക്കരൻ | തുവ്വാന്റ വിട ഹൗസ്, പി ഒ ചൊക്ലി, മേനപ്രം. | .................. | 47/2022 |

| | | | | | | |
|---|---|---|---|---|---|---|
| 6 | ചൊക്ലി, ക്രൈം നമ്പർ 205/2022 | സന്തോഷ് കുമാർ ഒ | ഗംഗാധരൻ | ഓടക്കത്ത് ഹൗസ്, അരയാക്കൂൽ, ചമ്പാട്, പാനൂർ. | .................. | 42/2022 |
| 7 | ചൊക്ലി, ക്രൈം നമ്പർ 205/2022 | അനിൽ കുമാർ ടി | കുഞ്ഞപ്പ നമ്പ്യാർ | രയരോത്ത് ഹൗസ്, മേനപ്രം. | .................. | 38/2022 |
| 8 | ചൊക്ലി, ക്രൈം നമ്പർ 205/2022 | അനീഷ് കെ എം | ബാലൻ | പറമ്പത്ത് മീത്തൽ ഹൗസ്, ഒളവിലം പി ഒ. | ................. | 41/2022, |
| 9 | ചൊക്ലി, ക്രൈം നമ്പർ 205/2022 | വിജയൻ കെ കെ | ഗോവിന്ദൻ | പുത്തിയ വീട്ടിൽ താഴെ കുനിയിൽ ഹൗസ്, മേനപ്രം പി ഒ, ചൊക്ലി. | ................. | 56/2022 |
| 10 | ചൊക്ലി, ക്രൈം നമ്പർ 205/2022 | പ്രകാശൻ കെ പി | നാരായണൻ | കക്കുഴി പറമ്പത്ത് ഹൌസ്, ഗുരുജിമുക്ക്, പെരിങ്ങത്തൂർ. | ............... | 43/2022 |
| 11 | ചൊക്ലി, ക്രൈം നമ്പർ 205/2022 | ബിജു കെ പി | ബാലൻ | കുഞ്ഞി പറമ്പത്ത് ഹൗസ്, പി ഒ ഒളവിലം. | ............... | 42/2022 |

## <u>തീയ്യതി പ്രകാരം</u>

| | | |
|---|---|---|
| 1 | സംഭവം നടന്ന തീയ്യതി | 29.04.2022 |
| 2 | പരാതി കൊടുത്ത തീയ്യതി | 29.04.2022 |
| 3 | റിപ്പോർട്ട് സമർപ്പിച്ച തീയ്യതി | 12.07.2022 |
| 4 | കോടതിയിൽ ഹാജരായ തീയ്യതി | A1 to A8, A10 & A11 - 15.11.2022<br>A9 – 06.12.2022 |
| 5 | ജാമ്യത്തിൽ വിട്ട തീയ്യതി | A1 to A8, A10 & A11 15.11.2022<br>A9 – 06.12.2022 |
| 6 | കമ്മിറ്റ് മെന്റ് | ......... |
| 7 | വിചാരണ തുടങ്ങിയ തീയ്യതി | A2, A3, A6 to A9 & A11 – 28.02.2023<br>A1 & A10 – 04.04.2023<br>A4 & A5 – 16.05.2023 |
| 8 | തെളിവെടുപ്പ് തുടങ്ങിയ തീയ്യതി | 24.06.2025 |

| | | |
|---|---|---|
| 9 | വിചാരണ അവസാനിപ്പിച്ച തീയ്യതി | 28.04.2026 |
| 10 | വിധി തീയ്യതി | 02.05.2026 |
| 11 | വിധിന്യായത്തിന്റെ പകർപ്പ് കൈമാറൽ | കോപ്പി തയ്യാറാണ് |
| 12 | കാലതാമസത്തിനുള്ള വിശദീകരണം | കാലതാമസമില്ല |
| 13 | അന്വേഷണത്തിലോ വിചാരണയിലോ പ്രതി തടവിൽ കഴിഞ്ഞിരുന്ന സമയം | ............ |

# വിധിന്യായം

പ്രതികളുടെ മേൽ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 283 r/w 149 വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ആരോപിച്ചുകൊണ്ട് ക്രൈം നമ്പർ 205/2022 ആയി ചൊക്ലി പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ കോടതി മുമ്പാകെ സമർപ്പിച്ച കുറ്റപത്രത്തിന്റെ അടിസ്ഥാനത്തിൽ സി സി 67/2022 ആയി ഫയലിൽ സ്വീകരിച്ച കേസാണിത്.

2. പ്രോസിക്യൂഷൻ കേസ് ചുരുക്കത്തിൽ താഴെ പറയും പ്രകാരമാകുന്നു:- 29.04.2022 തീയ്യതി 17.00 മണിക്ക് ചൊക്ലി അംശം മേനപ്രം ദേശത്ത് കാഞ്ഞിരത്തിൻ കീഴിൽ എന്ന സ്ഥലത്ത് കിഴക്ക് - പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന പെരിങ്ങത്തൂർ – തലശ്ശേരി പബ്ലിക്ക് റോഡിലും പരിസരത്തും വച്ച് ഒന്നു മുതൽ പതിനൊന്ന് വരെ പ്രതികളും മറ്റ് കണ്ടാലറിയാവുന്ന പതിനഞ്ചോളം പേരും ചൊക്ലി പോലീസ് സ്റ്റേഷൻ ധർണ്ണയോടനുബന്ധിച്ച് ന്യായവിരോധമായി സംഘം ചേർന്ന് അതു വഴി പോകുന്ന വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും മാർഗ്ഗ തടസ്സം സൃഷ്ടിച്ച് പ്രകടനം നടത്തിയതായി വെളിവായിരിക്കയാൽ പ്രതികൾ ഇന്ത്യൻ ശിക്ഷാനിയമം 143, 147, 283 r/w 149 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റങ്ങൾ ചെയ്തിരിക്കുന്നു എന്നുള്ളതാകുന്നു.

3. മേൽ നമ്പർ കേസിൽ പ്രതികൾക്ക് സമൻസ് അയച്ചിട്ടുള്ളതും ആയതു പ്രകാരം പ്രതികൾ കോടതി മുമ്പാകെ ഹാജരാവുകയും കോടതി പ്രതികൾക്ക് ജാമ്യം നൽകിയിട്ടുള്ളതുമാണ്. പ്രോസിക്യൂഷൻ, കോടതി മുമ്പാകെ സമർപ്പിച്ച റെക്കോർഡുകളുടെ കോപ്പികൾ പ്രതികൾക്ക് നൽകിയിട്ടുള്ളതും ടിയാന്മാർക്ക് ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 283 r/w 149 എന്നീ വകുപ്പുകൾ പ്രകാരമുള്ള കുറ്റച്ചുരുക്കം വായിച്ചു

വിവരിച്ചു കേൾപ്പിച്ചു മനസ്സിലാക്കി കൊടുത്തിട്ടുള്ളതും ടിയാന്മാർ കുറ്റം നിഷേധിച്ചിട്ടുള്ളതുമാകുന്നു. തുടർന്നു കേസിന്റെ സാഹചര്യങ്ങളും കേസ് രേഖകളും പരിശോധിച്ചതിൽ ഈ കേസ് സമൻസ് കേസ് രീതിയിൽ തെളിവെടുക്കാൻ തീരുമാനിച്ചിട്ടുള്ളതുമാകുന്നു.

4. വിചാരണ അവസാനിപ്പിച്ച ശേഷം പ്രതികൾ ക്രിമിനൽ നടപടി ചട്ടം 313(1) (ബി) പ്രകാരമുള്ള ചോദ്യങ്ങൾക്ക് ഉത്തരം നൽകി. പ്രതികൾ തെളിവുകൾ നിഷേധിക്കുകയും തങ്ങൾ നിരപരാധികൾ ആണെന്ന് ആവർത്തിക്കുകയും ചെയ്തു. ഈ കേസിലെ പ്രോസിക്യൂഷൻ തെളിവുകൾ PW1 മുതൽ PW6 വരെയുള്ള സാക്ഷികളുടെ വാക്കാലുള്ള തെളിവുകളും Ext. P1 മുതൽ Ext. P7 വരെ അടയാളപ്പെടുത്തിയ documentary തെളിവുകളും ആണ്. പ്രതി ഭാഗം തെളിവിലേക്കായി യാതൊന്നും തന്നെ അടയാളപ്പെടുത്തിയിട്ടില്ല.

5. ഇരു ഭാഗവും വാദം കേട്ടു.

6. മേൽപറഞ്ഞ വസ്തുതകളും, കോടതി മുമ്പാകെയുള്ള രേഖകളും വിശദമായി പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സൂചികകൾ ഈ കേസ്സിന്റെ തീർപ്പിനുവേണ്ടി പരിഗണനയ്ക്ക് വന്നിട്ടുള്ളതാണ്.

1. പ്രോസിക്യൂഷൻ ആരോപിക്കും പോലെ ഒന്നു മുതൽ പതിനൊന്ന് വരെ പ്രതികളും മറ്റ് കണ്ടാലറിയാവുന്ന പതിനഞ്ചോളം പേരും കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടി ന്യായവിരോധമായി സംഘം ചേർന്ന് പ്രവർത്തിച്ച് ഇന്ത്യൻ ശിക്ഷാ നിയമം 143 r/w 149 വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

2. പ്രോസിക്യൂഷൻ ആരോപിക്കും പോലെ ഒന്നു മുതൽ പതിനൊന്ന് വരെ പ്രതികളും മറ്റ് കണ്ടാലറിയാവുന്ന പതിനഞ്ചോളം പേരും കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടി ലഹള നടത്തി ഇന്ത്യൻ ശിക്ഷാ നിയമം 147 r/w 149 വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം

ചെയ്തിട്ടുണ്ടോ?

3. പ്രോസിക്യൂഷൻ ആരോപിക്കും പോലെ ഒന്നു മുതൽ പതിനൊന്ന് വരെ പ്രതികളും മറ്റ് കണ്ടാലറിയാവുന്ന പതിനഞ്ചോളം പേരും കുറ്റം ചെയ്യണമെന്ന ഉദ്ദേശത്തോടും കരുതലോടും കൂടി വാഹനങ്ങൾക്കും പൊതുജനങ്ങൾക്കും മാർഗ്ഗ തടസ്സം സൃഷ്ടിച്ച് ഇന്ത്യൻ ശിക്ഷാ നിയമം 283 r/w 149 വകുപ്പ് പ്രകാരം ശിക്ഷാർഹമായ കുറ്റം ചെയ്തിട്ടുണ്ടോ?

4. മേൽ പ്രകാരമുള്ള കുറ്റങ്ങൾ തെളിയിക്കപ്പെട്ടോ? എന്ത് ശിക്ഷ / ഉത്തരവുകളാണ് നൽകേണ്ടത്?

7. **<u>സൂചികകൾ ഒന്ന് മുതൽ മൂന്ന് വരെ</u>**- ആവർത്തനവിരസത ഒഴിവാക്കുന്നതിനും തെളിവുകൾ വിലയിരുത്തുന്നതുനുള്ള സൌകര്യത്തിനും വേണ്ടി ഒന്നു മുതൽ മൂന്ന് വരെയുള്ള സൂചികകൾ ഒന്നിച്ചു പരിഗണിക്കുന്നു. ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടറേയും ആദരണീയനായ പ്രതികൾ ഭാഗം അഭിഭാഷകനേയും കോടതി കേട്ടു. രേഖകൾ സൂക്ഷ്മമായി പരിശോധിക്കുകയും അവരുടെ വാദങ്ങൾ വിശദമായി വിശകലനം ചെയ്യുകയും ചെയ്തു.

8. ആരോപിക്കപ്പെടുന്ന കുറ്റം തെളിയിക്കാൻ പ്രോസിക്യൂഷൻ PW1 മുതൽ PW6 വരെ സാക്ഷികളെ വിസ്തരിച്ചു. CW2, CW3 എന്നീ സാക്ഷിയുടെ സാന്നിധ്യം ലഭിക്കാൻ അസാദ്ധ്യമായതിനാൽ ടി സാക്ഷികളെ വിസ്തരിക്കുന്നതിൽ നിന്ന് ഒഴിവാക്കി. CW5, CW6, CW7, CW8, CW11, ,CW12 എന്നീ സാക്ഷികളെ ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ വിസ്തരിക്കുന്നില്ല എന്ന് വച്ചു. Ext. P1 മുതൽ Ext. P7 വരെ രേഖകളും ഹാജരാക്കി. Ext. P1 എന്നത് PW1 തയ്യാറാക്കിയ SUO MOTO എഫ് ഐ എസും Ext. P2 എന്നത് PW1 രജിസ്റ്റർ ചെയ്ത പ്രഥമ വിവര റിപ്പോർട്ടും ആണ്. Ext.P3 എന്നത് PW2 ന്റെ മൊഴിയിലെ വൈരുദ്ധ്യം Subject to proof ആയി mark ചെയ്തതാണ്. Ext. P4 mark ചെയ്യാൻ വിട്ടു പോയതിനാൽ Ext. P5 എന്നത് ഈ കേസിലെ സംഭവസ്ഥല മഹസറായി പരിഗണിക്കുന്നു.

ഇത് PW5 മുഖാന്തരം mark ചെയ്തു. Ext. P6 Series എന്നത് പ്രതികൾക്ക് നൽകിയ S. 41-A CrPC നോട്ടീസുകളും Ext. P7 എന്നത് പ്രതികളുടെ പേരും പൂർണ്ണമായ മേൽവിലാസവും ചേർത്ത റിപ്പോർട്ടും ആണ്. ഇവയെല്ലാം PW5 മുഖാന്തരം mark ചെയ്തു. ശേഷം PW6, PW5 നടത്തിയ കേസിന്റെ അന്വേഷണം വെരിഫൈ ചെയ്ത് പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിച്ചു.

9. PW1 മുതൽ PW6 വരെയുള്ള പ്രോസിക്യൂഷൻ സാക്ഷികളുടെ വാമൊഴികളാലും Ext. P1 മുതൽ Ext. P7 വരെയുള്ള രേഖകളാലും പ്രോസിക്യൂഷൻ കേസ് സംശയാതീതമായി തെളിഞ്ഞതായി ആദരണീയയായ അസിസ്റ്റന്റ് പബ്ളിക്ക് പ്രോസിക്യൂട്ടർ വാദിച്ചു. ആയതിനാൽ പ്രതികളെ കുറ്റക്കാരായി കണ്ട് പ്രതികൾക്ക് തക്കതായ ശിക്ഷ കൊടുക്കണമെന്ന് ആദരണീയയായ അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ അപേക്ഷിച്ചു.

10. എന്നാൽ കേസിനാസ്പദമായ സംഭവം ഒന്നും തന്നെ ഉണ്ടായിട്ടില്ല എന്നും, പ്രതികളോടുള്ള രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ പ്രതികളുടെ പേരിൽ കളവായി കെട്ടിച്ചമച്ച കേസാണ് ഇത് എന്നും പ്രതികൾ ഭാഗം അഭിഭാഷകൻ വാദിച്ചു. മാത്രവുമല്ല കേസിൽ ഉൾപ്പെടുത്തിയ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 283 r/w 149 എന്നീ വകുപ്പുകൾ പ്രോസിക്യൂഷൻ തെളിവുകൾ കൊണ്ട് തെളിയിക്കപ്പെടുന്നില്ല എന്നും ആയതിനാൽ പ്രതികൾ പ്രോസിക്യൂഷൻ പറഞ്ഞ പ്രകാരം അപരാധങ്ങൾ ചെയ്തിട്ടില്ല എന്ന് കണ്ട് പ്രതികളെ കുറ്റവിമുക്തരാക്കി വെറുതെ വിട്ടുകൊണ്ട് ഉത്തരവുണ്ടാകണം എന്നും പ്രതികൾ ഭാഗം അഭിഭാഷകൻ അപേക്ഷിച്ചു.

11. ഇരുഭാഗം കേട്ടതിലും, രേഖകൾ പരിശോധിച്ചതിലും, ആരോപിച്ച കുറ്റങ്ങളുടെ ഘടകങ്ങൾ തെളിയിക്കാനായി പ്രോസിക്യൂഷൻ വിജയിച്ചോ എന്ന് പരിശോധിക്കേണ്ടതുണ്ട്. കൂടാതെ പ്രോസിക്യൂഷൻ നൽകിയ തെളിവ് വിശ്വസനീയവും പ്രതികൾ കുറ്റക്കാരാണെന്ന് കണ്ടെത്തുവാൻ മാത്രം ആർജവമേറിയതാണോ എന്നും വിലയിരുത്തേണ്ടതുണ്ട്.

12. സബ് ഇൻസ്പെക്ടർ ആയ ബിജുവിനെ (CW1) PW1 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. താൻ ചൊക്ലി പോലീസ് സ്റ്റേഷനിൽ സബ് ഇൻസ്പെക്ടർ ആയി ജോലി ചെയ്തു വരവേ 29.04.2022 തീയ്യതി താനും പാർട്ടിയും ബിജെപിയുടെ സ്റ്റേഷൻ

ധർണ്ണയോടനുബന്ധിച്ച് സ്റ്റേഷൻ പരിസരത്ത് പെട്രോളിംഗ് നടത്തി വരവേ ഷാജി, സ്വിന്തേഷ്, രാജീവൻ, വിജയരാഘവൻ, സുമേഷ്, സന്തോഷ്, അനിൽ, അനീഷ്, പ്രകാശൻ, വിജയൻ, ബിജു തുടങ്ങിയവരും കണ്ടാലറിയാവുന്ന മറ്റു പതിനഞ്ചോളം പേരും ചേർന്ന് മേനപ്രം അമ്പല പരിസരം മുതൽ കാഞ്ഞിരത്തിൽ കീഴിൽ വരേയും തിരിച്ച് കാഞ്ഞിരത്തിൽ കീഴിൽ മുതൽ ചൊക്ലി പോലീസ് സ്റ്റേഷൻ വരേയും അന്യായമായി സംഘം ചേർന്ന് അതുവഴി കടന്നു പോകുന്ന വാഹനങ്ങൾക്കും വഴിയാത്രക്കാർക്കും മാർഗ്ഗ തടസ്സം സൃഷ്ടിക്കുന്ന രീതിയിൽ റോഡിൽ മുദ്രാവാക്യം വിളിച്ച് നിറഞ്ഞ് നടക്കുകയും, തുടർന്ന് സ്റ്റേഷന് മുമ്പിൽ പബ്ലിക് റോഡിലെ മൺ മാർജിനിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ച് ധർണ നടത്തുകയും ചെയ്തതിന് ചൊക്ലി പോലീസ് കേസ് രജിസ്റ്റർ ചെയ്തു എന്നും ആയതിലേക്ക് താൻ തയ്യാറാക്കിയ SUO MOTO എഫ് ഐ എസ് ആണ് Ext. P1 എന്നും ആയതിന്റെ അടിസ്ഥാനത്തിൽ എഫ് ഐ ആർ രജിസ്റ്റർ ചെയ്തു എന്നും അതാണ് Ext. P2 എന്നും അന്നേ ദിവസം മതിയായ സേനാബലം ഇല്ലാത്തതിനാൽ പ്രതികളെ അറസ്റ്റ് ചെയ്യാൻ സാധിച്ചില്ല എന്നും ഇതിൽ അഞ്ചാം പ്രതി മരണപ്പെട്ടു പോയി എന്നും PW1 മൊഴി നൽകി. പ്രതിക്കൂട്ടിൽ നിന്നിരുന്ന പ്രതികളെ PW1 കണ്ട് തിരിച്ചറിയുകയും ചെയ്തു.

13. CW4 വിനോദിനെ PW2 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. താൻ ഈ കേസിനാസ്പദമായ സംഭവം കണ്ടിട്ടില്ല എന്നും ഗതാഗത തടസ്സം നേരിട്ടിരുന്നു എന്നു പറഞ്ഞ് പോലീസിന് മൊഴി നൽകിയിട്ടില്ല എന്നും തടഞ്ഞു നിർത്തിയവരെ കണ്ടാലറിയാമെന്ന് പോലീസിനോട് പറഞ്ഞിട്ടില്ല എന്നും PW2 മൊഴി നൽകി. ആദരണീയയായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ PW2 കൂറുമാറിയതായി കോടതിയെ അറിയിക്കുകയും കോടതിയുടെ അനുമതിയോടെ PW2 നെ ഭാരതീയ സാക്ഷ്യ അധിനിയം സെക്ഷൻ 157 ഉം ഭാരതീയ നാഗരിക് സുരക്ഷാ സംഹിത സെക്ഷൻ 181 ലെ Proviso പ്രകാരവുമുള്ള ചോദ്യങ്ങൾക്ക് വിധേയമാക്കി. “29.04.2022 തീയ്യതി വൈകുന്നേരം 05.00 മണിയോടെ സ്റ്റാൻഡിൽ നിന്നും പെട്ടിപ്പാലത്തേക്ക് ഓട്ടം പോകുമ്പോൾ കാഞ്ഞിരത്തിൻ കീഴിൽ ജംഗ്ഷനടുത്ത് എത്തിയപ്പോൾ ബിജെപി പ്രവർത്തകർ പോലീസിനെതിരെ എന്തൊക്കെയോ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് മേക്കുന്ന് ഭാഗത്തു നിന്നും കാഞ്ഞിരത്തിൻ കീഴിൽ ജംഗ്ഷനടുത്തു വരെ വന്ന് തിരിച്ച് ചൊക്ലി സ്റ്റേഷൻ

പരിസരത്തേക്കും തുടർന്ന് സ്റ്റേഷന് എതിർ വശം റോഡ് മാർജിനിൽ കുത്തിയിരുന്ന് പ്രതിഷേധിക്കുന്നുണ്ടായിരുന്നു. ഇതിനെ തുടർന്ന് പത്ത് മിനുട്ടോളം എനിക്ക് ഗതാഗത തടസ്സം നേരിട്ടു. ധർണ്ണ നടത്തിയവരെ എനിക്ക് കണ്ടാലറിയാം" എന്ന് PW2 പോലീസിന് കൊടുത്ത മൊഴി PW2 നെ വായിച്ചു കേൾപ്പിക്കുകയും PW2 നിഷേധിച്ചതിൽ ടി മൊഴിയുടെ പ്രസ്തുത ഭാഗം Ext. P3 subject to proof ആയി മാർക്ക് ചെയ്യുകയും ചെയ്തു.

14. SCPO മഹേഷിനെ (CW9) PW3 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. സംഭവകാലത്ത് താൻ ചൊക്ലി പോലീസ് സ്റ്റേഷനിൽ എസ് സി പി ഒ ആയി ജോലി ചെയ്തു വരവേ 29.04.2022 തീയ്യതി 17.00 മണി സമയത്ത് PW1 നോടൊപ്പം ചൊക്ലി പോലീസ് സ്റ്റേഷൻ ധർണ്ണയോടനുബന്ധിച്ച് പോലീസ് സ്റ്റേഷന് മുൻ വശം L & O ഡ്യൂട്ടി ചെയ്തു വരവേ മേനപ്രം അമ്പലം ഭാഗത്ത് നിന്ന് കാഞ്ഞിരത്തിൻ കീഴിൽ ഭാഗത്തേക്കും അവിടുന്ന് തിരിച്ച് പോലീസ് സ്റ്റേഷൻ ഭാഗത്തേക്കും ന്യായ വിരോധമായി സംഘം ചേർന്ന് പൊതുജനങ്ങൾക്കും വാഹനങ്ങൾക്കും മാർഗ്ഗ തടസ്സം സൃഷ്ടിച്ച് റോഡിൽ നിറഞ്ഞ് നടന്ന് പ്രകടനം നടത്തിയതിന് ശേഷം PW1 മാറി പോകാൻ ആവശ്യപ്പെട്ടിട്ടും സ്റ്റേഷന് മുൻവശം കുത്തിയിരുന്ന് ധർണ നടത്തുകയും ചെയ്തു എന്നും ബി ജെ പി പ്രവർത്തകരായ ഷാജി, സ്മിന്തേഷ്, രാജീവൻ, പ്രകാശൻ, അനിൽ, സന്തോഷ്, അനീഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ഏകദേശം 25 ഓളം പേർ ചേർന്നാണ് പ്രകടനം നടത്തിയത് എന്നും മതിയായ സേനാബലം ഇല്ലാത്തനാൽ സംഭവസ്ഥലത്ത് വച്ച് പ്രതികളെ അറസ്റ്റ് ചെയ്യുവാൻ സാധിച്ചിട്ടില്ല എന്നും ശേഷം ജനങ്ങൾ പിരിഞ്ഞുപോയതിനു ശേഷം ചൊക്ലി പോലീസ് സ്റ്റേഷനിൽ എസ് ഐ കേസ് രജിസ്റ്റർ ചെയ്തു എന്നും സംഭവവുമായി ബന്ധപ്പെട്ട് താൻ അന്വേഷണ ഉദ്യോഗസ്ഥന് മൊഴി നൽകിയിരുന്നു എന്നും PW3 മൊഴി നൽകി. പ്രതിക്കൂട്ടിൽ നിന്നിരുന്ന ഒന്ന്, മൂന്ന്, പത്ത് പ്രതികളെ PW3 കണ്ട് തിരിച്ചറിയുകയും ചെയ്തു.

15. SCPO മനോജിനെ (CW10) PW4 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. സംഭവകാലത്ത് താൻ ചൊക്ലി പോലീസ് സ്റ്റേഷനിൽ എസ് സി പി ഒ ആയി ജോലി ചെയ്തു വരവേ 29.04.2022 തീയ്യതി 17.00 മണിയോടെ PW1 നോടൊപ്പം ചൊക്ലി പോലീസ്സ്റ്റേഷൻ ധർണ്ണയോടനുബന്ധിച്ച് പോലീസ് സ്റ്റേഷന് മുൻ വശം L & O ഡ്യൂട്ടി ചെയ്തു വരവേ ബി ജെ പി പ്രവർത്തകരായ ഷാജി, സ്മിന്തേഷ്, അനീഷ്, ബിജു, സന്തോഷ്, പ്രകാശൻ തുടങ്ങിയ 26

ഓളം പേർ ചേർന്ന് മേനപ്രം ഭാഗത്തു നിന്ന് കാഞ്ഞിരത്തിൻ കീഴിൽ ഭാഗത്തേക്കും തിരിച്ച് പോലീസ് സ്റ്റേഷൻ ഭാഗത്തേക്കും ന്യായ വിരോധമായി സംഘം ചേർന്ന് പൊതുജനങ്ങൾക്കും അതു വഴി വന്ന വാഹനങ്ങൾക്കും മാർഗ്ഗ തടസ്സം സൃഷ്ടിച്ച് കൊണ്ട് ധർണ്ണ നടത്തുകയും ചെയ്തു എന്നും PW4 മൊഴി നൽകി. പ്രതിക്കൂട്ടിൽ നിന്നിരുന്ന ഒന്ന്, രണ്ട്, മൂന്ന്, ആറ്, പത്ത്, പതിനൊന്ന് പ്രതികളെ PW4 കണ്ട് തിരിച്ചറിയുകയും ചെയ്തു.

17. പ്രോസിക്യൂഷൻ കേസ് അനുസരിച്ച് ഇരുപത്താറോളം BJP പ്രവർത്തകർ പോലീസ് സ്റ്റേഷൻ ധർണ്ണയോടനുബന്ധിച്ച് ന്യായ വിരുദ്ധമായി സംഘം ചേർന്ന് പൊതുറോഡിൽ കാൽനടയാത്രാക്കാർക്കും പൊതുജനങ്ങൾക്കും മാർഗ്ഗ തടസ്സം സൃഷ്ടിക്കുകയും പ്രകടനം നടത്തി എന്നുമാണ്. എന്നാൽ പതിനൊന്ന് പേരെ മാത്രമാണ് തിരിച്ചറിഞ്ഞ് പ്രതികളായി ചേർത്തിട്ടുള്ളത്. എന്തിന്റെ അടിസ്ഥാനത്തിലാണ് ഈ പതിനൊന്ന് പേരെ പ്രതികളായി ചേർത്തതെന്ന് വ്യക്തമല്ല. ഓരോ ആൾക്കൂട്ടവും നിയമ വിരുദ്ധ സംഘം (Unlawful assembly) ആയിരിക്കണമെന്നില്ല. ഇന്ത്യൻ ശിക്ഷാ നിയമം 141 ।വകുപ്പിൽ പറയുന്ന കുറ്റങ്ങളിൽ ഏതെങ്കിലും ഒന്ന് ചെയ്യാനുള്ള ഉദ്ദേശത്തോടു കൂടി രൂപീകരിച്ച സംഘം മാത്രമേ നിയമ വിരുദ്ധ സംഘമായി കണക്കാക്കപ്പെടുകയുള്ളൂ. ഈ കേസിലെ പ്രോസിക്യൂഷൻ വാദം അതേപടി അംഗീകരിച്ചാലും പ്രതികൾ ഒരു ധർണ്ണയിൽ പങ്കെടുത്തുകൊണ്ടിരുന്നത് മാത്രമാണ് കാണാൻ സാധിക്കുന്നത്. റോഡിൽ നിന്ന് മുദ്രാവാക്യം വിളിച്ചതുകൊണ്ട് മാത്രം ന്യായവിരുദ്ധ സംഘം ഉണ്ടെന്നോ പ്രതികൾക്ക് പൊതു ലക്ഷ്യം ഉണ്ടായിരുന്നോ എന്നും തെളിയിക്കുവാൻ സാധിക്കുകയില്ല. പൊതുസമാധാനം ഇല്ലായ്മ ചെയ്യാനുള്ള ഉദ്ദേശമുണ്ടായിരുന്നു എന്ന് തെളിയിക്കുന്ന സ്വതന്ത്ര സാക്ഷ്യങ്ങളുമില്ല. അതുകൊണ്ട് തന്നെ ഈ കേസിൽ ഇന്ത്യൻ ശിക്ഷാ നിയമം143 വകുപ്പ് നിലനിൽക്കുന്നില്ല. നിയമവിരുദ്ധ സംഘം തന്നെയില്ലെങ്കിൽ ഇന്ത്യൻ ശിക്ഷാ നിയമം 147 വകുപ്പ് പ്രകാരമുള്ള ലഹള നടത്തിയെന്ന കുറ്റവും നിലനിൽക്കുന്നില്ല. Common object അഥവാ പൊതുലക്ഷ്യം തെളിയിക്കപ്പെടാത്ത സാഹചര്യത്തിൽ ഓരോ പ്രതികളുടേയും കുറ്റകൃത്യത്തിലുള്ള വ്യക്തിപരമായ പങ്ക് മാത്രമേ പരിഗണിക്കേണ്ടതുള്ളൂ. ശേഷിക്കുന്ന കുറ്റകൃത്യമായ ഇന്ത്യൻ ശിക്ഷാ നിയമം 283 വകുപ്പ് പ്രതികൾക്ക് നേരെ തെളിയിക്കപ്പെട്ടിട്ടുണ്ടോ എന്നാണ് പരിശോധിക്കേണ്ടത്

18. ഇന്ത്യൻ ശിക്ഷാ നിയമം 283 വകുപ്പ് ബാധകമാകണമെങ്കിൽ പൊതുജനങ്ങളുടെ അതായത്, കാൽനടക്കാർക്കോ വാഹനങ്ങൾക്കോ മാർഗ്ഗ തടസ്സം യഥാർത്ഥത്തിൽ സൃഷ്ടിച്ചതായി തെളിയിക്കണം. ഈ കേസിൽ PW2 എന്ന സ്വതന്ത്ര സാക്ഷിയെ മാത്രമാണ് വിസ്തരിച്ചത്. മറ്റ് സ്വതന്ത്ര സാക്ഷികളെ ഒന്നും തന്നെ വിസ്തരിച്ചിട്ടില്ല. PW2 കൂറുമാറുകയാണുണ്ടായത്. ഇത് പ്രോസിക്യൂഷൻ കേസിനെ ദുർബലപ്പെടുത്തുന്ന സാഹചര്യമാണുള്ളത്. ടി സാക്ഷി കൂറുമാറിയതായി ആദരണീയയായ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ കോടതിയെ അറിയിക്കുകയും കോടതിയുടെ അനുമതിയോടെ ടി സാക്ഷിയെ ഭാരതീയ സാക്ഷ്യ അധിനിയം സെക്ഷൻ 157 ഉം ഭാരതീയ നാഗരിക് സുരക്ഷാ സംഹിത സെക്ഷൻ 181 ലെ Proviso പ്രകാരവുമുള്ള ചോദ്യങ്ങൾക്ക് വിധേയമാക്കുകയും ചെയ്തു. എന്നിരുന്നാലും ടി സാക്ഷിയുടെ വിശ്വാസീയത വിസ്താരത്തിലുടനീളം തകർക്കപ്പെടുകയുണ്ടായിട്ടില്ല. ടി സാക്ഷിയുടെ മൊഴിയിലെ വൈരുദ്ധ്യം Ext.P3 ആയി mark ചെയ്തെങ്കിലും നിയമപരപമായി തെളിയിക്കാത്തതിനാൽ അത് കോടതിക്ക് പരിഗണിക്കുവാൻ സാധിക്കുകയില്ല. പ്രോസിക്യൂഷനാസ്പദമായ സംഭവത്തിൽ ഗതാഗതം തടസപ്പെട്ടു എന്നോ തനിക്ക് ഏതെങ്കിലും രീതിയിൽ അപായപ്പെടുത്തുന്ന വിധത്തിൽ മാർഗ്ഗതടസ്സം ഉണ്ടായി എന്നോ ആരും തന്നെ പരാതി നൽകിയതായി പ്രോസിക്യൂഷൻ പരാതിയിൽ കാണുവാൻ സാധിക്കുന്നില്ല. ആയതുകൊണ്ട് തന്നെ ലഭ്യമായ പ്രോസിക്യൂഷൻ മൊഴികൾ മാത്രം ഉപയോഗിച്ച് പ്രതികൾ ഇന്ത്യൻ ശിക്ഷാ നിയമം 283 വകുപ്പ് പ്രകാരമുള്ള കുറ്റകൃത്യം ചെയ്തതായി കണ്ടെത്തുവാൻ സാധിക്കുകയില്ല.

19. മേൽപ്പറഞ്ഞ സാഹചര്യത്തിൽ പ്രോസിക്യൂഷൻ ആരോപിച്ചിട്ടുള്ള കുറ്റകൃത്യങ്ങൾ പ്രതികളാണ് ചെയ്തതെന്ന് കോടതിക്ക് കണ്ടെത്തുവാൻ സാധിക്കാതെ വന്നിരിക്കുകയാണ്. അതുകൊണ്ട് പ്രതികൾക്കെതിരെ ആരോപിച്ച കുറ്റങ്ങൾ സംശയാതീതമായി തെളിയിക്കുവാൻ പ്രോസിക്യൂഷന് സാധിച്ചിട്ടില്ല. ആയതിനാൽ ഒന്നു മുതൽ മൂന്ന് വരെയുള്ള സൂചികകൾ പ്രോസിക്യൂഷന് എതിരായി കണ്ടിരിക്കുന്നു.

20. **<u>സൂചിക 4</u>**:- ഒന്നു മുതൽ മൂന്ന് വരെയുള്ള സൂചികകളിന്മേൽ ഉള്ള കോടതിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഈ സൂചിക പരിഗണനക്കായി ഉയർന്നു വരുന്നില്ല.

21. ആയതിനാൽ ഇന്ത്യൻ ശിക്ഷാ നിയമം 143,147, 283 r/w 149 വകുപ്പുകൾ പ്രകാരം പ്രതികൾ കുറ്റക്കാർ അല്ല എന്നു കാണുകയും, പ്രതികളെ ക്രിമിനൽ നടപടി ക്രമം 255(1) പ്രകാരം കുറ്റ വിമുക്തരാക്കി വെറുതെ വിട്ടുകൊണ്ട് ഉത്തരവായിരിക്കുന്നു. പ്രതികളുടെ ജാമ്യ ബോണ്ട് റദ്ദ് ചെയ്തുകൊണ്ട് ഉടൻ പ്രാബല്യത്തോടെ മേൽ പറഞ്ഞ പ്രതികളെ സ്വതന്ത്രരാക്കി വിട്ടു കൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(കോൺഫിഡൻഷ്യൽ അസിസ്റ്റന്റിനു ഞാൻ പറഞ്ഞു കൊടുത്തു ടിയാൻ രേഖപ്പെടുത്തി തയ്യാറാക്കി തന്ന ഈ വിധിന്യായത്തിൽ ആവശ്യമായ തെറ്റ് തിരുത്തലുകൾ വരുത്തി 2026 മെയ് മാസം 02ാം തിയ്യതി ഈ വിധിന്യായം പുറപ്പെടുവിച്ചിരിക്കുന്നു)

ഒപ്പ്/-
ന്യായാധികാരി
ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി

# അനുബന്ധം

## പ്രോസിക്യൂഷൻ ഭാഗം വിസ്തരിച്ച സാക്ഷികൾ

ഒന്നാം സാക്ഷി - ബിജു പി, സബ് ഇൻസ്പെക്ടർ, ചൊക്ലി പോലീസ് സ്റ്റേഷൻ

രണ്ടാം സാക്ഷി - വിനോദ് ഒ

മൂന്നാം സാക്ഷി - മഹേഷ്, SCPO, ചൊക്ലി പോലീസ് സ്റ്റേഷൻ

നാലാം സാക്ഷി - മനോജ്, SCPO, ചൊക്ലി പോലീസ് സ്റ്റേഷൻ

അഞ്ചാം സാക്ഷി - വിനോദൻ എം, അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ, ചൊക്ലി പോലീസ് സ്റ്റേഷൻ

ആറാം സാക്ഷി - സൂരജ് ഭാസ്കർ ബി എസ്, സബ് ഇൻസ്പെക്ടർ, ചൊക്ലി പോലീസ് സ്റ്റേഷൻ

## പ്രോസിക്യൂഷൻ ഭാഗം ഹാജരാക്കി അടയാളപ്പെടുത്തിയ രേഖകൾ

രേഖ –1 (Ext.P1) - SUO MOTO എഫ് ഐ എസ്

രേഖ –2 (Ext.P2) - എഫ് ഐ ആർ

രേഖ –3 (Ext.P3) - Portion of 161 statement of PW2

രേഖ –4 (Ext.P4) - ......

രേഖ –5 (Ext.P5) - സംഭവസ്ഥല മഹസർ

രേഖ –6 Series (Ext.P6Series ) - s. 41-A CrPC നോട്ടീസ്

രേഖ –7 (Ext.P7) - .പ്രതികളുടെ പേരും പൂർണ്ണമായ മേൽവിലാസവും ചേർത്ത റിപ്പോർട്ട്

## പ്രതി ഭാഗം വിസ്തരിച്ച സാക്ഷികൾ

ഇല്ല

## പ്രതി ഭാഗം അടയാളപ്പെടുത്തിയ രേഖ

ഇല്ല

**<u>രേഖപ്പെടുത്തിയ  തൊണ്ടി മുതലുകൾ</u>**

ഇല്ല

**<u>കോടതി രേഖ</u>**

ഇല്ല

ഒപ്പ്/-
ന്യായാധികാരി,
ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി

//ശരിപ്പകർപ്പ്//

ന്യായാധികാരി,
ഗ്രാമ ന്യായാലയം പാനൂർ, ചൊക്ലി